**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1103** **10-08-2023 - ൽ മറുപടിയ്ക്ക്**

**ആറ്റപ്പിള്ളി റെഗുലേറ്റർ-കം- ബ്രിഡ്ജിന്റെ നിർമ്മാണ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പുതുക്കാട് മണ്ഡലത്തിലെ കുറുമാലിപ്പുഴയിൽ ആറ്റപ്പിള്ളി റെഗുലേറ്റർ- കം-ബ്രിഡ്ജിന്റെ അപ്രോച്ച് റോഡിലെ ഗർത്തങ്ങൾ കാരണം പ്രസ്തുത റോഡിലൂടെയുള്ള ഗതാഗതം തടസ്സപ്പെട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത അപ്രോച്ച് റോഡ് പുനർനിർമ്മിക്കുന്നതിനും റെഗുലേറ്റർ-കം- ബ്രിഡ്ജിന്റെ നിർമ്മാണപ്രവൃത്തികൾ പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ആയത് ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ? | (ബി) | ആറ്റപ്പിള്ളി റഗുലേറ്ററിന്റെ അപ്രോച്ച് റോഡിലൂടെയുള്ള പൊതുഗതാഗതം പുനസ്ഥാപിക്കുന്നതിനു വേണ്ടി KERI യുടെ ഡിസൈൻ പ്രകാരം തയ്യാറാക്കിയ 1.552 കോടി രൂപയുടെ എസ്റ്റിമേറ്റ് സർക്കാരിൽ ലഭ്യമായിട്ടുണ്ട്. 2012 ൽ പ്രവൃത്തി നിറുത്തി വച്ചതിന് ശേഷം ഏപ്രണിന്റെയും പൈൽ ഫൗണ്ടേഷന്റെയും അടിയിലും വെൽ ഫൗണ്ടേഷന്റെ ഇടയ്ക്കും ഉണ്ടായ മണ്ണൊലിപ്പും കാലാവസ്ഥാ വ്യതിയാനം മുഖേനയുള്ള മാറ്റങ്ങളും ഉൾപ്പെടെ നിലവിലുള്ള സാങ്കേതിക പ്രശ്നങ്ങൾ പരിശോധിച്ച് അപ്രോച്ച് റോഡ് വഴിയുള്ള പൊതുഗതാഗതം പുനസ്ഥാപിക്കുന്നതിനും ആറ്റപ്പിള്ളി റഗുലേറ്റർ കം ബ്രിഡ്ജ് പൂർത്തീകരിക്കുന്നതിനുമുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനായി 12.07.2023-ലെ ജി.ഒ. (ആർ.ടി) 625/2023/ജ.വി.വ ഉത്തരവ് പ്രകാരം ഒരു സാങ്കേതിക വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത സമിതിയുടെ നിർദ്ദേശപ്രകാരം രൂപകൽപന നടത്തി വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കി തുടർനടപടികൾ സ്വീകരിക്കാവുന്നതാണ് |

സെക്ഷൻ ഓഫീസർ